LIBRARY ARCHIVES Kerala Legislative Assembly

ഇടപെട്ട് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രത്യേക അനുമതിക്കേസുകളിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനും അപേക്ഷകർ ഹോസ്പിറ്റലിൽനിന്നും ഡിസ്ചാർജ് ചെയ്യുന്നതിന് മുൻപ് അനുവദിച്ച ധന നൽകുന്നതിനും അഥവാ കാലതാമസംമൂലം നൽകാൻ കഴിയാതെ വന്നാൽ പ്രസ്തുത ധന അപേക്ഷകരുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകുന്നതിനും പുതുതായി കൊണ്ടുവന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്കീമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം. അർഹിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി ശ്രീ. കെ. എം. മാണിസാർ ധനകാര്യ വകുപ്പുമന്ത്രിയായ അവസരത്തിൽ കൊണ്ടുവന്ന സ്കീമാണ്. ലോട്ടറി എന്നുപറഞ്ഞാൽ ഇതിനുമുൻപ് സാന്റിയാഗോ മാർട്ടിൻ എന്നാണ് കേരളത്തിലെ ജനങ്ങൾ അറിഞ്ഞിരുന്നത്. ഇന്നറിയുന്നത് കാരുണ്യ ബെനവലന്റ് ഫണ്ടെന്നാണ്. അത് എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് എല്ലാ ജനപ്രതിനിധികൾക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. സഹായം കിട്ടിയവർക്ക് മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമുള്ള വിശ്വാസമാണ്, ഒരു ആവശ്യമോ അത്യാഹിതമോ വന്നാൽ തനിക്ക് സമീപിക്കാൻ ഒരു സംവിധാനമുണ്ടെന്നും അവിടെപ്പോയി അപേക്ഷ കൊടുത്താൽ സഹായം കിട്ടുമെന്നുമുള്ള ഒരു ധാരണ. ആ സ്കീമിനെ ഒരുവിധത്തിലും ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യമുണ്ടാക്കാൻ അനുവദിക്കില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചട്ടങ്ങളിൽ മാറ്റമൊന്നും ഇതുവരെ വരുത്തിയിട്ടില്ല. ജനപ്രതിനിധികളുടെ അഭിപ്രായംകൂടി ആരാഞ്ഞ് ഇത് കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാണ്. അർഹിക്കുന്നവർക്ക് ഏറ്റവും വേഗത്തിൽ ഇതിന്റെ സഹായം കിട്ടണം. അതിന് ഒരു തടസ്സവും ഉണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പരിശോധിക്കും. ആവശ്യമായ മാറ്റങ്ങൾ വേണമെങ്കിൽ തീർച്ചയായും വരുത്തുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(2) എച്ച്. ആർ. കരാർ തൊഴിലാളികളുടെ നിയമനം

ശ്രീ. കെ. മുരളീധരൻ: സർ, കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാനത്തുടനീളം ആയിരക്കണക്കിനാളുകൾ എച്ച്.ആർ. കരാർ തൊഴിലാളികളായി പണിയെടുക്കുന്നുണ്ട്. ഒരു ഡ്യൂട്ടി ചെയ്താൽ 350 രൂപ ലഭിക്കുന്ന ഇവർക്ക് നാളിതുവരെ പ്രതിമാസ മിനിമം വേതനം അനുവദിച്ചിട്ടില്ല. ദശാബ്ദങ്ങളോളം കരാർ വ്യവസ്ഥയിൽ പണിയെടുക്കുന്ന പല തൊഴിലാളികൾക്കും സർക്കാർ ഉദ്യോഗത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞിട്ടുണ്ട്. ഈ നൂറ്റാണ്ടിൽ ഒരു തൊഴിൽ സുരക്ഷിതത്വമില്ലാത്ത വിഭാഗമാണ് എച്ച്.ആർ. ജീവനക്കാർ. കഠിനാധ്വാനം ചെയ്യുന്ന ഇക്കൂട്ടരുടെ സേവനം പൂർണ്ണമായി ഇല്ലാതാക്കിക്കൊണ്ട് വാട്ടർ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. കരാർ കമ്മീഷൻപോലും വിവിധ ഡിവിഷനുകളിൽ വ്യത്യസ്ഥമായിട്ടാണ് ഇവരിൽനിന്നും ഈടാക്കുന്നത്. സംസ്ഥാന അടിസ്ഥാനത്തിൽ ഏകീകൃത വേതനംപോലും ഇവർക്ക് ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് ധാരാളം നിവേദനങ്ങൾ ജനപ്രതിനിധികൾക്ക് ലഭിക്കുന്നുണ്ട്. വിവിധ വകുപ്പുകളിലെ കരാർ തൊഴിലാളികളെ കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ സ്ഥിരപ്പെടുത്തുകയുണ്ടായി. കൂടാതെ ആയിരക്കണക്കിന് തൊഴിലാളികളെ കാഷ്വൽ ലേബറേഴ്സ് ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ എച്ച്.ആർ. ജീവനക്കാരോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനും ഇവരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും എല്ലാ കരാർ എച്ച്.ആർ. ജീവനക്കാരെയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് മാതൃകയിൽ എസ്.എൽ.ആർ. ആക്കി തൊഴിൽസ്ഥിരത നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരള വാട്ടർ അതോറിറ്റിയിൽ പമ്പിംഗ് ജോലികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുമാണ് നിയമനം നടത്തുന്നത്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ പമ്പിംഗ് ജോലികൾ കരാറുകാർവഴി നടത്താറുണ്ട്. കാരാറുകാർ നിയമിക്കുന്ന തൊഴിലാളികൾക്ക് ജല അതോറിറ്റിയുമായി യാതൊരു ബന്ധവുമില്ല. കരാറുകാരുടെ ജോലിക്കാർ എന്നുള്ള നിലയിലാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(3) കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പുല്ലഴി കോൾപ്പടവ് സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പടവിൽ ഏതാണ്ട് 720 ഏക്കർ സ്ഥലം കോൾനിലമായി കൃഷി ചെയ്യുന്നുണ്ട്. ഇക്കൊല്ലം വിളവെടുപ്പ് നടക്കാനിരിക്കെ കൃഷി ആരംഭിച്ച് ഫെബ്രുവരി, മാർച്ച് മാസത്തിൽ കൊയ്ത്ത് നടത്തുന്ന ലേറ്റ് മുണ്ടകൻ കൃഷിയാണ് ഇറക്കിയത്. വിളവെടുപ്പ് ആരംഭിക്കാനിരുന്ന സാഹചര്യത്തിലാണ് 11-2-2016-ൽ ശക്തമായ കാറ്റും മഴയും കാരണം കൊയ്യാറായ നിലങ്ങൾ മുഴുവനും വെള്ളം കയറുകയും നെൽച്ചെടികൾ വീണും മഹാനഷ്ടം വന്നു. ഈ ദുരന്തം കർഷകർക്ക് താങ്ങാവുന്നതിലും ഏറെയാണ്.